# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 11.06.2013ൽ

ചോദ്യം നമ്പർ : 616 മറുപടിക്ക്.

### കൊച്ചി- മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആന്റ് മിനറൽ പൈപ്പ്ലൈൻ ആക്ട് പ്രകാരം പൈപ്പ്ലൈൻ ഇടുന്നതിനുള്ള ഉപയോഗ അവകാശം എടുക്കുന്ന പ്രക്രിയയാണ് ഇപ്പോൾ നടക്കുന്നത്. ഉപയോഗ അവകാശം എടുത്ത സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ഇടുന്ന പ്രക്രിയയും നടക്കുന്നുണ്ട്.<br>ഗെയിൽ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി സംബന്ധിച്ച് ഇതുവരെ താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>1. പ്രാഥമിക സർവ്വെ നടത്തി വിദഗ്ദ്ധരുടെ അഭിപ്രായപ്രകാരം റൂട്ട് നിർണ്ണയം നടത്തി.<br>2. കേന്ദ്രസർക്കാരിന്റേയും കമ്പനി ബോർഡിന്റെയും അനുമതി ലഭിച്ച ശേഷം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.<br>3. പരിസ്ഥിതി മന്ത്രാലയം, പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇത്യാദി കേന്ദ്രസംസ്ഥാന ഗവണ്മെന്റുകളുടെ സ്റ്റാറ്റ്യൂട്ടറി പെർമിഷനുകൾ ലഭ്യമായിട്ടുണ്ട്.<br>4. 1962-ലെ പെട്രോളിയം ധാതു പൈപ്പ്ലൈൻ ആക്ട് പ്രകാരം കോമ്പിറ്റന്റ് അതോറിറ്റിയെ നിയമിക്കുകയും അദ്ദേഹം ആക്ട് പ്രകാരമുള്ള 3(1), 6(1) നോട്ടിഫിക്കേഷൻ 7 ജില്ലകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായുള്ള Right of use നടപടികൾ നടത്തി വരുന്നു.<br>5. പൈപ്പ് ലൈൻ പദ്ധതിക്കുള്ള പൈപ്പ് നിർമ്മിച്ച് പൈപ്പ്യാർഡുകളിൽ വിന്യസിച്ചു കഴിഞ്ഞു.<br>6. കരാറിസ്ഥാനത്തിലുള്ള കോൺട്രാക്ട്, പൈപ്പ്ലൈൻ നിർമ്മാണത്തിനു നൽകി.<br>7. സെക്ഷനൈസിംഗ് വാൽവ് സ്റ്റേഷൻ 31 എണ്ണത്തിനുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് അന്തിമ ഘട്ടത്തിലാണ്. |

Copy to:-CA to Secretary (Industries)

8. കേരളത്തിൽ 900-ൽ പരം റോഡ്, തോട്, പുഴ, റയിൽ മുതലായവ മുറിച്ചു കടക്കുവാനുള്ള അനുവാദം സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) ഭൂമി നഷ്ടപ്പെടുന്ന സ്ഥലമുടമകൾക്ക് ഏതു വിധത്തിലുള്ള നഷ്ടപരിഹാരമാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ?

(ബി) പ്രകൃതിവാതക പൈപ്പ്ലൈൻ പദ്ധതിയിൽ പൈപ്പ്ലൈൻ ഇടാനുള്ള ഉപയോഗ അവകാശത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥലം ഉടമസ്ഥർക്ക് തന്നെയായിരിക്കും. ആയതിനാൽ സ്ഥലമുടമകൾക്ക് ഭൂമി നഷ്ടപ്പെടുന്നില്ല. P&MP ആക്ട് പ്രകാരം സ്ഥലത്തിന്റെ വിലയുടെ 10% ആണ് ഉടമസ്ഥർക്ക് നഷ്ടപരിഹാരമായി കൊടുക്കേണ്ടത്. ഇത് സംസ്ഥാന സർക്കാർ പരിശോധിക്കുകയും സ്ഥല ഉടമസ്ഥർക്ക് കൂടുതൽ നഷ്ട പരിഹാരം ലഭിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് സ്ഥലത്തിന്റെ വില മൂന്നിരട്ടിയായി പരിഗണിച്ച് അതിന്റെ 10% നഷ്ടപരിഹാരമായി നൽകുവാനുള്ള ഉത്തരവിറക്കിയിട്ടുണ്ട്. ഈ അവസ്ഥ വീണ്ടും പുനഃപരിശോധിക്കുകയും സ്ഥലത്തിന്റെ വില 04.06.2013-ലെ G.O.(Rt) No: 3195/13/RD നമ്പർ ഗവണ്മെന്റ് ഉത്തരവുപ്രകാരം അഞ്ചിരട്ടിയായി പരിഗണിച്ചുകൊണ്ട് അതിന്റെ 10% നഷ്ടപരിഹാരമായി നൽകുവാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ